# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 389 | 29.01.2019 - ൽ മറുപടിക്ക് |
|---|---|

### ഏവിയേഷൻ ഫ്യൂവലിനുള്ള ഇന്ധന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എൻ. ഷംസുദ്ദീൻ : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | കണ്ണൂർ എയർപോർട്ടിൽ നിന്നുള്ള ആഭ്യന്തര വിമാന സർവ്വീസുകൾക്ക് ഏവിയേഷൻ ഫ്യൂവലിനുള്ള ഇന്ധന നികുതി ഒരു ശതമാനമാക്കി കുറച്ചത് വഴി ഈ ഇനത്തിൽ സംസ്ഥാനത്തിന് പ്രതിവർഷം എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടാകും എന്നറിയിക്കാമോ; | (എ) | കണ്ണൂർ എയർപോർട്ടിലേക്കുള്ള ഏവിയേഷൻ ഫ്യൂവലിനുള്ള ഇന്ധന നികുതി ഒരു ശതമാനമാക്കി കുറച്ചത് വഴി സംസ്ഥാനത്തിന് പ്രതിവർഷം 4.32 കോടി രൂപ വില്പന നികുതി വരുമാനത്തിൽ കുറവ് വരും എന്നാണ് കണക്കാക്കുന്നത്. |
| (ബി) | എത്ര വർഷത്തേക്കാണ് ഇങ്ങനെ നികുതി കുറച്ച് നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ; ഇപ്രകാരം നികുതി കുറച്ച് നൽകുവാനുണ്ടായ സാഹചര്യം എന്താണ് എന്ന് വിശദമാക്കുമോ; | (ബി) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാനേജിംഗ് ഡയറക്ടറുടെ അപേക്ഷ ഗതാഗതവകുപ്പ് പരിശോധിച്ച് നയപരമായ തീരുമാനമെടുത്ത് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ നികുതി വകുപ്പ് 1963-ലെ കേരള പൊതുവില്പന നികുതി നിയമത്തിലെ വകുപ്പ് 10 പ്രകാരം കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും ആഭ്യന്തര സർവ്വീസ് നടത്തുന്ന എല്ലാ വിമാന സർവ്വീസുകൾക്കും ഉപയോഗിക്കുന്ന ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്റെ (ATF) ന്റെ പൊതു വില്പന നികുതി നിരക്ക് 1963-ലെ കേരള പൊതുവില്പന നികുതി |

| | | | |
|---|---|---|---|
| | | | നിയമത്തിലെ 10-ാം വകുപ്പിലെ അധികാരം വിനിയോഗിച്ച് 10 വർഷത്തേയ്ക്ക് ഒരു ശതമാനമാക്കി കുറച്ചുകൊണ്ട് എസ്.ആർ.ഒ നമ്പർ 757/2018 പുറപ്പെടുവിച്ചിരുന്നു. മാത്രമല്ല കേരള പൊതു വില്പന നികുതി നിയമം 1963-ലെ വകുപ്പ് 5D പ്രകാരമുള്ള അധിക പൊതുനികുതിയും ഒഴിവാക്കിയിട്ടുണ്ട്. |
| (സി) | പൂർണമായും സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന കോഴിക്കോട്, തിരുവനന്തപുരം എയർപോർട്ടുകളുടെ വളർച്ചയ്ക്ക് ഇപ്രകാരം നികുതി ഇളവ് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; | (സി) | പൂർണമായും സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന കോഴിക്കോട്, തിരുവനന്തപുരം എയർപോർട്ടുകളുടെ വളർച്ചയ്ക്ക് നികുതി ഇളവ് നൽകുവാൻ നയപരമായ തീരുമാനം എടുത്തിട്ടില്ല. |
| (ഡി) | സർക്കാർ പൊതുമേഖല സ്ഥാപനമായ കെ.എസ്.ആർ.ടി.സി.ക്ക് കൂടി ഇപ്രകാരം ഇന്ധന ടാക്സിൽ ഇളവ് നൽകിയാൽ നഷ്ടത്തിലായ കെ.എസ്.ആർ.ടി.സി.-യെ ഒരു പരിധി വരെ രക്ഷിക്കാൻ സാധിക്കും എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | (ഡി) | സർക്കാർ പൊതുമേഖല സ്ഥാപനമായ കെ.എസ്.ആർ.ടി.സി.ക്ക് നികുതി ഇളവ് നൽകുവാൻ നയപരമായ തീരുമാനം എടുത്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**